**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് അംഗീകാരം നൽകിയത് - ഭവന നിർമ്മാണം എന്ന ഘടകം 12 ഗുണഭോക്തൃ കുടുംബങ്ങൾക്കുംകൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1813/2016/തസ്വഭവ. തിരുവനന്തപുരം, തീയതി 31/05/2016.

---

പരാമർശം:-(1) 27.05.2014 ലെ സ.ഉ.(സാധാ) നമ്പർ 1298/2014 തസ്വഭവ നമ്പർ ഉത്തരവ്.

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.02.2016 ലെ കെ.എസ്/എൽ/6550/2013 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വണ്ണപ്പുറം, കമിളി, കോടിക്കുളം, പെരുവന്താനം, കരിങ്കുന്നം, കൊന്നത്തടി എന്നീ ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെടാതെ പോയതും വാസയോഗ്യമായ വീടില്ലാത്തതുമായ 12 ഗുണഭോക്തൃ കുടുംബങ്ങൾക്കായി ഭവന നിർമ്മാണം എന്ന ഘടകം കൂടി ഉൾപ്പെടുത്തി കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതി ഭേദഗതി ചെയ്ത് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭിച്ച രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ താഴെപ്പറയുന്ന 12 ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുവാദം നൽകിയും, അയതിലേയ്ക്ക് ആവശ്യമായ 30,00,000/- രൂപ പഞ്ചായത്ത് വിഹിതത്തിൽ വകയിരുത്തുന്നതിന് അനുമതി നൽകിയും, കൊന്നത്തടി ഗ്രാമ പഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതി അടങ്കൽ തുക 88,80,000/- രൂപയിൽ നിന്നും 1,18,80,000/- രൂപയാക്കി വർദ്ധിപ്പിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

| ക്രമ. നം. | പേര് | വാർഡ് | തുക | ഘടകം |
|---|---|---|---|---|
| 1 | മോളി കര്യൻ ഇല്ലിക്കൽ, പൊന്മുടി | 1 | 250000 | പഞ്ചായത്ത് വിഹിതം |
| 2 | അമ്മിണി രാജപ്പൻ, പാതയിൽ | 7 | 250000 | പഞ്ചായത്ത് വിഹിതം |

| | | | | |
|---|---|---|---|---|
| 3 | കാർത്യായനി, കപ്പമലയിൽ | 7 | 250000 | പഞ്ചായത്ത് വിഹിതം |
| 4 | ഏലി മത്തായി, താന്നിക്കുഴിയിൽ | 10 | 250000 | പഞ്ചായത്ത് വിഹിതം |
| 5 | ത്രേസ്യാമ്മ മഠത്തിപ്പറമ്പിൽ | 11 | 250000 | പഞ്ചായത്ത് വിഹിതം |
| 6 | ജോൺ വർഗ്ഗീസ് തോട്ടുങ്കൽ | 13 | 250000 | പഞ്ചായത്ത് വിഹിതം |
| 7 | ജോസ് ചാക്കോ ഇലവുംകണ്ടത്തിൽ | 14 | 250000 | പഞ്ചായത്ത് വിഹിതം |
| 8 | ഓമന കുമാരൻ കൊച്ചുപറമ്പിൽ | 16 | 250000 | പഞ്ചായത്ത് വിഹിതം |
| 9 | കുട്ടപ്പൻ അയ്യപ്പൻ പള്ളിപ്പുറം | 17 | 250000 | പഞ്ചായത്ത് വിഹിതം |
| 10 | കുര്യാക്കോസ് അന്തോണി കളപ്പുരയ്ക്കൽ | 17 | 250000 | പഞ്ചായത്ത് വിഹിതം |
| 11 | പാത്തുമ്മ എള്ളുക്കാലായിൽ | 19 | 250000 | പഞ്ചായത്ത് വിഹിതം |
| 12 | ചാക്കോ പത്രോസ് മാനാടിയിൽ | 13 | 250000 | പഞ്ചായത്ത് വിഹിതം |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എൻ.വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വണ്ണപ്പുറം/കുമിളി/കോടിക്കുളം/പെരുവന്താനം/കരിങ്കുന്നം/കൊന്നത്തടി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Seenan

**സെക്ഷൻ ഓഫീസർ**